ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ ക്രാഫ്റ്റ് വില്ലേജിനെ പങ്കാളിയാക്കുന്നതിനു നടപടി

326 (1034) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എവിടെയെങ്കിലും കരകൗശല വില്ലേജ് പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ എത്ര ഇനം കരകൗശല ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട് ; ആകെ എത്ര തൊഴിലാളികൾ പ്രസ്തുത കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട് ; പ്രതിദിനം ശരാശരി എത്ര ടൂറിസ്റ്റുകളാണ് പ്രസ്തുത ക്രാഫ്റ്റ് വില്ലേജ് സന്ദർശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ടൂറിസം വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ക്രാഫ്റ്റ് കേരള ഫെസ്റ്റിവലിൽ പങ്കാളി ആയി പ്രസ്തുത ക്രാഫ്റ്റ് വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; കൂടാതെ മറ്റേതെങ്കിലും കരകൗശല സ്ഥാപനത്തെ ജി.കെ.എസ്.എഫ്. പങ്കാളിയാക്കിയിട്ടുണ്ടോയെന്ന വിവരം വ്യക്തമാക്കാമോ ;

(സി) ടൂറിസം വകുപ്പിന്റെ കീഴിൽ ജി.കെ.എസ്.എഫ്. ക്രാഫ്റ്റ് ഫെസ്റ്റുകൾ സംഘടിപ്പിക്കുമ്പോൾ ടൂറിസം വകുപ്പിന്റെ തന്നെ കീഴിലുള്ള ക്രാഫ്റ്റ് വില്ലേജിനെ പങ്കാളിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ കോഴിക്കോട് ജില്ലയിലെ ഇരിങ്ങലിൽ ആർട്ട് & ക്രാഫ്റ്റ് വില്ലേജിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം നടന്നുവരുന്നു. കോവളം ആർട്ട് & ക്രാഫ്റ്റ് വില്ലേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. ഇരിങ്ങലിൽ ആർട്ട് & ക്രാഫ്റ്റ് വില്ലേജിൽ 27 കരകൗശല യൂണിറ്റുകളിലായി ആയിരത്തിലധികം വ്യത്യസ്തങ്ങളായ കരകൗശല ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നു. 107 തൊഴിലാളികൾ പ്രസ്തുത കേന്ദ്രത്തിൽ തൊഴിൽ ചെയ്യുന്നു. കൂടാതെ പ്രതിദിനം 650-ൽ അധികം ടൂറിസ്റ്റുകൾ പ്രസ്തുത ക്രാഫ്റ്റ് വില്ലേജ് സന്ദർശിക്കുന്നുണ്ട്. കഴിഞ്ഞ വർഷം 2 ലക്ഷത്തിലധികം പേർ സന്ദർശിച്ചതിൽ 300-ൽ അധികം വിദേശ ടൂറിസ്റ്റുകൾ ഉണ്ടായിരുന്നു.

(ബി) ടൂറിസം വകുപ്പിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ക്രാഫ്റ്റ് കേരള ഫെസ്റ്റിവലിൽ പ്രസ്തുത ക്രാഫ്റ്റ് .വില്ലേജിനെ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 8-ൽ ഈ വർഷം സംസ്ഥാന കരകൗശല വികസന കോർപ്പറേഷനെ -(കൈരളിയെ) പങ്കാളിയാക്കിയിട്ടുണ്ട്.

(സി) പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly